ഉത്തരം

(എ) മാർച്ച് 2004-ലെ കണക്കനുസരിച്ച് വായ്പ നിക്ഷേപാനുപാതം 48.31% ആണ്.

(ബി) ഇത് സംബന്ധിച്ച പരാതികൾ ഒന്നും ലഭിച്ചിട്ടില്ലെങ്കിലും കേരളത്തിലെ വായ്പാ നിക്ഷേപാനുപാതം കുറവാണെന്ന് ചൂണ്ടിക്കാണിക്കപ്പെടാറുണ്ട്.

(സി) ബാങ്കുകളിൽ നിരന്തരം സമ്മർദ്ദം ചെലുത്തുക, കേന്ദ്ര ഗവൺമെന്റ് മീറ്റിംഗുകൾ വിളിക്കുമ്പോൾ ഇക്കാര്യത്തെക്കുറിച്ച് പരാതികൾ ഉന്നയിക്കുക, കൂടുതൽ തുക വായ്പയായി നൽകുവാൻ ബാങ്കുകൾക്ക് പ്രചോദനം നൽകുക എന്നിങ്ങനെയുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

പദ്ധതി-പദ്ധതിയേതര തുകയും ചെലവും

22 [334] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ 2003-04 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ബഡ്ജറ്റിൽ ലക്ഷ്യമിട്ട തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച കണക്കുകൾ വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(ബി) ഓരോ വകുപ്പിലും മേൽപ്പറഞ്ഞ കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലക്ഷ്യം കൈവരിക്കാൻ കേന്ദ്രത്തിൽനിന്നും ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി അനുവദിച്ച തുക പാഴാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-02, 2002-03, 2003-04 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ബഡ്ജറ്റിൽ ലക്ഷ്യമിട്ട മൊത്തം തുകയും, യഥാർത്ഥത്തിൽ ചെലവഴിക്കപ്പെട്ട തുകയും താഴെപ്പറയും പ്രകാരമാണ്:

(തുക കോടിയിൽ)

വർഷം	*പ്ലാൻ*	*നോൺപ്ലാൻ*
2001-02	3,063.04	10,881.69
2002-03	3,901.92	10,839.65
2003-04	4,419.02	11,662.55

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിക്കപ്പെട്ട തുക

(തുക കോടിയിൽ)

വർഷം	*പ്ലാൻ*	*നോൺപ്ലാൻ*
2001-02	2,419.74	9,961.40
2002-03	3,973.51	11,731.22

അക്കൗണ്ടന്റ് ജനറലിന്റെ മാർച്ച് 2004-ലെ താൽക്കാലിക കണക്ക് പ്രകാരം 2003-04 സാമ്പത്തിക വർഷം 4,064.30 കോടി രൂപ പദ്ധതിയിനത്തിലും 13,304.56 കോടി രൂപ പദ്ധതിയേതരയിനത്തിലും ചെലവഴിച്ചതായി കാണുന്നു. ചെലവിനങ്ങളുടെ വകുപ്പടിസ്ഥാനത്തിലുള്ള കണക്കുകൾ ഇപ്പോൾ സൂക്ഷിക്കുന്നില്ല.

(ബി) 2001-02-ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായത്തിന്റെ വിനിയോഗം ആ വർഷം ലഭിച്ച തുകയേക്കാൾ കുറവായിരുന്നുവെങ്കിലും 2002-03-ൽ അത് ആ വർഷം ലഭിച്ച തുകയേക്കാൾ കൂടുതലായിരുന്നു. 2003-04-ലെ വിശദമായ കണക്കുകൾ ലഭിച്ചിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിച്ച തുകയുടെ ചെലവിനെ സംബന്ധിച്ച് വകുപ്പ് തിരിച്ചുള്ള കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. വർഷാന്ത്യത്തിൽ ലഭിക്കുന്ന കേന്ദ്രസഹായം തൻവർഷംതന്നെ പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാറില്ല.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിക്കുന്ന തുക അതത്വർഷം വിനിയോഗിക്കാൻ കഴിയാതെവന്നാൽ പ്രസ്തുത തുക തൊട്ടടുത്ത സാമ്പത്തിക വർഷത്തേക്ക് വിനിയോഗിക്കുന്നതിനായി കേന്ദ്രഗവൺമെന്റിൽനിന്നും പ്രത്യേക അനുമതി വാങ്ങി ചെലവഴിക്കാവുന്നതാണ്. അതിനാൽ പ്രസ്തുത തുക പാഴായി പോകുന്ന സാഹചര്യം ഉണ്ടാകാറില്ല.

വാർഷിക പദ്ധതിയിലെ ആകെ തുകയും ചെലവും

23 [335] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും വാർഷിക പദ്ധതിയിൽ എത്ര ശതമാനം വെട്ടിച്ചുരുക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(ബി) വാർഷിക പദ്ധതി ഓരോ വർഷവും എത്ര കോടിയാണെന്നും ചെലവാക്കിയത് എത്രയെന്നും വിശദമാക്കുമോ;

(സി) 2003-04-ലെ വാർഷിക പദ്ധതിയിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയെന്ന് വെളിപ്പെടുത്തുമോ:

(ഡി) പ്രസ്തുത വാർഷിക പദ്ധതിയുടെ അടങ്കൽ എത്രയായിരുന്നു; ഇതിൽ എന്തു തുക വികസനത്തിനായി ചെലവഴിച്ചു എന്ന് പറയാമോ;

(ഇ) ഓരോ മേഖലയിലും വികസനത്തിനുവേണ്ടി ചെലവഴിച്ച തുകയുടെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly